പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 07, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## പെൻഷൻകാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് സ്കീം

ചോദ്യം : 2323
ശ്രീമതി. പി. അയിഷാ പോറ്റി

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് പെൻഷൻകാർക്കായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് സ്കീമിന്റെ വിശദാംശം നൽകാമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request For Proposals) ഉം തയ്യാറാക്കി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെൻഡർ ID 2019_FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പെൻഷൻകാർക്ക് താല്പര്യം ഉണ്ടെങ്കിൽ മാത്രം (ഓപ്ഷണൽ) പങ്കാളികൾ ആയാൽ മതിയോ എന്ന് വ്യക്തമാക്കാമോ; | 24.04.2017 തീയതിയിലെ സ.ഉ(അച്ചടി)നം.54/2017/ധന ഉത്തരവു പ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ Request for Proposal (RFP) പ്രകാരം സംസ്ഥാന കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും പെൻഷൻകാർക്കും നിർബന്ധിതാംഗത്വമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |

| | | |
|---|---|---|
| (സി) | കിടത്തി ചികിത്സയ്ക്ക് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുകയുള്ളുവോ എന്ന് വ്യക്തമാക്കാമോ; | അതെ |
| (ഡി) | ജീവിതശൈലീ രോഗങ്ങൾ മൂലം പെൻഷൻകാർക്ക് പ്രതിമാസം ചെലവാകുന്ന മരുന്നുകളുടെ തുക മടക്കി ലഭിക്കാൻ പദ്ധതിയിൽ അവസരമുണ്ടോ എന്ന് വ്യക്തമാക്കാമോ? | ടെൻഡർ നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് പരിധി, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. |

**അക്കൗണ്ട്സ് ഓഫീസർ**